"ഭരണഭാഷ – മാതൃഭാഷ"

നമ്പർ. **DFB/2325/2024-T3**

“സുരക്ഷാഭവൻ”
ഡയറക്ടറേറ്റ് ഓഫ് ഫാക്ടറീസ് &ബോയിലേഴ്സ്
കുമാരപുരം, തിരുവനന്തപുരം-11
ഫോൺ : 0471-2441597
ഇ-മെയിൽ: directorate.fab@kerala.gov.in

തീയതി: 03-10-2024

## സർക്കുലർ നമ്പർ: 18/24

വിഷയം:- ഫാക്ടറീസ് & ബോയ്‌ലേഴ്സ് വകുപ്പ് - പെർമിറ്റ് അപേക്ഷകളിൽ പ്ലാനുകൾ തയ്യാറാക്കി സമർപ്പിക്കുമ്പോൾ അംഗീകൃത ഡ്രാഫ്റ്റ്സ്മാൻമാരും ഫാക്ടറി ഉടമകളും പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ - സംബന്ധിച്ച്.

**1. ഫാക്ടറി ഉടമയുടെ സത്യവാങ്മൂലം (Affidavit):**

ഫാക്ടറി ഉടമ വകുപ്പിന് സമർപ്പിക്കുന്നതിനായി തയ്യാറാക്കിയ സൈറ്റ് പ്ലാനുകളിലും കെട്ടിട പ്ലാനുകളിലും താഴെ രേഖപ്പെടുത്തിയിരിക്കുന്ന സർട്ടിഫിക്കേഷൻ പ്രസ്താവന ഉൾപ്പെടുത്തണം:

***"I, [Factory Occupier's Name], hereby certify that the factory plans prepared by the Department-approved Draftsman, [Draftsman's Name], have been personally verified by me. I confirm that the plans accurately reflect the proposed and existing site and building conditions.***

***Furthermore, I declare that the said plans, prepared by the approved Draftsman, have been uploaded and submitted to the Department solely by me using my personal login credentials issued by the Department. I confirm that these login credentials have not been shared with any other person, and I am fully aware that such sharing constitutes a violation punishable under the provisions of Information Technology Act, 2000.***

***I affirm that the information provided is true to the best of my knowledge and belief."***

**2. അപേക്ഷക്കൊപ്പം സമർപ്പിക്കുന്ന പ്ലാനുകളിൽ ഫാക്ടറി ഉടമയുടെ ഒപ്പ്:**

അംഗീകൃത ഡ്രാഫ്റ്റ്സ്മാൻ തയ്യാറാക്കിയ പ്ലാനുകളിൽ ഫാക്ടറി ഉടമയുടെയോ ഏതെങ്കിലും അംഗീകൃത പ്രതിനിധിയുടെയോ കൈയ്യൊപ്പ് അല്ലെങ്കിൽ ഡിജിറ്റൽ ഒപ്പ് ചാർത്തിയിട്ടുണ്ടെന്നു ഫാക്ടറി ഉടമ ഉറപ്പാക്കണം.

ഒപ്പിനോടൊപ്പം തീയതി രേഖപ്പെടുത്തിയിരിക്കണം, പ്ലാനുകൾ അവസാനമായി സമർപ്പിക്കുന്ന അഥവാ പുനഃ സമർപ്പിക്കുന്ന തീയതിയായിരിക്കണം ഒപ്പിനോടൊപ്പം രേഖപ്പെടുത്തേണ്ടത്.

**ഒപ്പിടുന്നതിനുള്ള നിർദ്ദേശങ്ങൾ:**

ഒപ്പ് വ്യക്തവും വായിക്കാൻ കഴിയുന്നതുമായിരിക്കണം.

പ്ലാനുകളിൽ തീയതിയോടുകൂടിയ ഒപ്പ് ചാർത്തുമ്പോൾ നീല അല്ലെങ്കിൽ കറുപ്പ് മഷി ഉപയോഗിക്കേണ്ടതാണ്.

ആധികാരികത ഉറപ്പുവരുത്തുന്നതിനായി ഒപ്പിടുന്ന തീയതി ഒപ്പിൽ നിന്ന് ദൂരെയായി നൽകരുത്, ഒപ്പിന്റെ ഭാഗമായി ഒപ്പിന്റെ ചുവടെ തീയതി ചേർക്കേണ്ടതാണ്.

**3. ഡ്രാഫ്റ്റ്സ്മാന്റെ സത്യവാങ്മൂലം (Affidavit):**

സൈറ്റ് പ്ലാൻ, ബിൽഡിംഗ് പ്ലാൻ എന്നിവ തയ്യാറാക്കുന്ന അംഗീകൃത ഡ്രാഫ്റ്റ്സ്മാൻ പ്ലാനുകളിൽ താഴെ രേഖപ്പെടുത്തിയിരിക്കുന്ന സ്റ്റേറ്റ്മെന്റ് ഉൾപ്പെടുത്തണം.

*"I, [Draftsman's Name], certify that the plans are prepared after verification of ownership/occupiership documents and site and the measurements shown in the plans have been taken after the physical site verification by me directly, and any incorrect measurements or deviations from the existing site and building conditions at the time of measurement and my inspection are my sole responsibility. I am aware that any deviations found from the existing site and building conditions will attract actions in accordance with the provisions of The Factories Act 1948, The Kerala Factories Rules 1957 and Criminal laws of India and my certificate of recognition as Draftsman issued by the Department is liable to be cancelled. " I also certify that the plans are prepared in accordance with provisions in the The Factories Act 1948 and The Kerala Factories Rules 1957.*

**4. സൈറ്റ് പ്ലാനുകളിൽ ജിയോകോർഡിനേറ്റുകൾ നൽകുന്നതിനായുള്ള വ്യവസ്ഥകൾ**

കൃത്യത വർദ്ധിപ്പിക്കുന്നതിന്, ഫാക്ടറി ഉടമ ഫാക്ടറി ലൊക്കേഷന്റെ ജിയോകോർഡിനേറ്റുകൾ (ലാറ്റിട്യൂട് (latitude), ലോഞ്ചിട്യൂഡ് (longitude)) സൈറ്റ് പ്ലാനുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

- ഫാക്ടറിയുടെ കൃത്യമായ സ്ഥാനം അടയാളപ്പെടുത്തി, സൈറ്റ് പ്ലാനിൽ **ജിയോകോർഡിനേറ്റുകൾ വ്യക്തമായി രേഖപ്പെടുത്തണം.**
- ഏതെങ്കിലും Google Map പോലുള്ള GPS സോഫ്റ്റ് വെയർ ഉപയോഗിച്ച് ജിയോകോർഡിനേറ്റ് വാല്യൂസ് രേഖപ്പെടുത്തണം.
- **ലാറ്റിട്യൂട് (latitude), ലോഞ്ചിട്യൂഡ് (longitude)) രേഖപെടുത്തുന്നതിനുള്ള ഫോർമാറ്റ്.**
  - ലാറ്റിട്യൂട് (latitude), ലോഞ്ചിട്യൂഡ് (longitude)) ഡിഗ്രിസ്, മിനിറ്റ്സ്, സെക്കൻഡ്സ് (DMS) എന്ന ഫോർമാറ്റിൽ രേഖപ്പെടുത്തണം.
  - ഉദാഹരണം:
    - **DMS:** Latitude: 8°30'41.9"N, Longitude: 76°55'41.9"E
- അപേക്ഷ സമർപ്പിക്കുന്നതിന് മുമ്പ് ഫാക്ടറി ഉടമ സൈറ്റ് പ്ലാനിലെ ജിയോകോർഡിനേറ്റ് വാല്യൂസ് പരിശോദിച്ചു ശരിയാണോ എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

**സർക്കുലറിലെ മേൽ നിർദ്ദേശങ്ങൾ എല്ലാ തരം പെർമിറ്റ് അപേക്ഷകൾക്കും ബാധകമാണ് കൂടാതെ 15-10-2024 തിയതി മുതൽ പ്രാബല്യത്തിൽ വരുന്നതും ആണ്.**

ഈ തിയതി മുതൽ ഡയറക്ടർ, ജോയിന്റ് ഡയറക്ടർ ഓഫീസുകളിലേക്ക് ഫോർവേർഡ് ചെയ്യുന്ന പെർമിറ്റ് അപേക്ഷകളിൽ മേൽ നിർദ്ദേശങ്ങൾ പൂർണമായും പാലിച്ചിട്ടുണ്ടോ എന്ന് ഇൻസ്‌പെക്ടർമാർ ഉറപ്പു വരുത്തേണ്ടതാണ്.

Signed by P Pramod
Date: 03-10-2024 18:14:16

**ഫാക്ടറീസ് & ബോയ്‌ലേഴ്‌സ് ഡയറക്ടർ**

സ്വീകർത്താവ്:-
(1) എല്ലാ ഫാക്ടറി ഉടമകളും
(2) എല്ലാ അംഗീകൃത ഡ്രാഫ്റ്റ്സ്മാന്മാരും
(3)എല്ലാ ജോയിന്റ് ഡയറക്ടർമാർ, ഇൻസ്‌പെക്ടർമാർ ഫാക്ടറീസ് ആൻഡ് ബോയിലേഴ്‌സ്
(4) C1 സെക്ഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)